ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സമായിരുന്ന കോളേജിന്റെ പിൻ വശത്തുള്ള കോമ്പൗണ്ടിലേക്ക് പോകുന്ന വീതികുറഞ്ഞ റോഡ് വീതി കൂട്ടുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

കൊച്ചി സർവ്വകലാശാലയുടെ വികസനം

79 (5238) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ മുൻകൈയെടുത്ത് ഇനി എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രസ്തുത സർവ്വകലാശാലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളും, ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

കേരള യൂണിവേഴ്സിറ്റിയിൽ നികത്താതെ ശേഷിക്കുന്ന സംവരണ ഒഴിവുകൾ

80 (5242) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി നേരിട്ട് നിയമനം നടത്തുന്ന അദ്ധ്യാപക തസ്തികയിലെ സംവരണ ഒഴിവുകൾ ഏതെല്ലാം നികത്താതെ ശേഷിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ; വിഷയവും സംവരണ വിഭാഗവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ എന്ന് നിലവിൽ വന്നവയാണെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംവരണ വിഭാഗം ഒഴിവുകൾ നികത്തുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംവരണ വിഭാഗം ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ഊർജ്ജിതപ്പെടുത്തി എത്രയും വേഗം നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കേരള സർവ്വകലാശാല നേരിട്ട് നിയമനം നടത്തുന്ന അദ്ധ്യാപക തസ്തികയിലെ വിഷയവും സംവരണ വിഭാഗവും തിരിച്ചുള്ള ഒഴിവുകളും അവ നിലവിൽ വന്ന വർഷവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

(ഡി) സംവരണ വിഭാഗം ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള യൂണിവേഴ്സിറ്റിയിലെ ടെലിഫോൺ എൻക്വയറി സംവിധാനം

81 (5243) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയിൽ ടെലിഫോൺ എൻക്വയറി സംവിധാനം ഉപയോഗിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ അറിയുവാൻ ഇപ്പോൾ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ടെലിഫോൺ എൻക്വയറി സംവിധാനത്തിൽ തിരക്കാണെങ്കിൽ ഇതിനനുസൃതമായി പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

(1) പൊതുജനങ്ങൾ അറിയേണ്ട വിവരങ്ങൾ സർവ്വകലാശാല ഇൻഫർമേഷൻ സെന്റർ മുഖേന നേരിട്ടും ഫോണിലൂടെയും നൽകുന്നുണ്ട്. ഇതിനു പുറമേ സർവ്വകലാശാല പരീക്ഷകൾ കോഴ്സുകൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ കേരള സർക്കാരിന്റെ കാൾ സെന്റർ വഴിയും പൊതുജനങ്ങൾക്ക് ലഭ്യമാണ് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly